**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **04-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കോവിഡ് വ്യാപനം സംബന്ധിച്ച് കേന്ദ്ര സംഘത്തിന്റെ നിഗമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ എം വിൻസെൻറ് ,<br>ഡോ. മാത്യു കുഴൽനാടൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ മറ്റ സംസ്ഥാനങ്ങളിൽ കോവിഡ് വ്യാപനം കുറയുമ്പോൾ സംസ്ഥാനത്ത് കോവിഡ് കേസുകളും മരണങ്ങളും കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ഇന്ത്യയൊട്ടാകെ രണ്ടാം തരംഗം ആരംഭിച്ചത് മാർച്ച് മാസത്തോട് കൂടിയാണെങ്കിലും കേരളത്തിലെ കേസുകൾ വർധിച്ചു തുടങ്ങിയത് ഏപ്രിൽ ആദ്യ വാരത്തോടെയാണ്. മറ്റ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ നിലവിലെ കേസുകൾ കൂടുതലാണെങ്കിലും ഇത് ഒരു ഘട്ടത്തിലും കേരളത്തിലെ ആരോഗ്യ സംവിധാനത്തെ സമ്മർദ്ദത്തിലാക്കുന്ന തരത്തിലേക്കെത്തിയിരുന്നില്ല. ഏപ്രിൽ മാസത്തിൽ കേസുകൾ വർധിച്ചു തുടങ്ങി മെയ്, ജൂൺ മാസങ്ങളിൽ അതിന്റെ പാരമ്യത്തിലെത്തുകയും പിന്നീട് കുറഞ്ഞു തുടങ്ങുകയും ചെയ്തു. ഇതോടൊപ്പം ഐ സി എം ആറിന്റെ സീറോ സർവയിലൻസ് പഠനവും എടുത്തു പറയേണ്ട ഒന്നാണ്. ഈ പഠനത്തിൽ കേരളത്തിലെ രോഗ വ്യാപനം 44% പേരിൽ മാത്രമാണെന്നും, അതിനാൽ തന്നെ പ്രമേഹവും രക്താദിമർദവും ഏറ്റവുമധികം ഉള്ള കേരളത്തിൽ ഇനിയും കൂടുതലാളുകൾക്ക് രോഗം വരാനുള്ള സാധ്യത ഉണ്ട് എന്നുമാണ് കണ്ടെത്തിയത്. ഇത് സൂചിപ്പിച്ചത് കേരളത്തിലെ കോവിഡ് പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്നാണ്. മാത്രമല്ല ഓണത്തിന് ശേഷവും കേരളത്തിൽ കേസുകളുടെ എണ്ണത്തിൽ വലിയൊരു കുതിച്ചു ചാട്ടം പ്രതീക്ഷിച്ചിരുന്നു എങ്കിലും ചിട്ടയായ പ്രവർത്തനത്തിലൂടെ അത് തടയാൻ നമുക്കായി . പ്രതിമാസ മരണങ്ങളുടെ എണ്ണവും, മരണ നിരക്കും, ജനസാന്ദ്രതയും മറ്റ അനുബന്ധ രോഗങ്ങളും കൂടുതലുള്ള കേരളം പോലൊരു സംസ്ഥാനത്ത് വർദ്ധിച്ചിട്ടില്ല എന്നതും എടുത്തു പറയേണ്ടതാണ്. |
| (ബി) | സംസ്ഥാനത്ത് കോവിഡ് വ്യാപനം കുറയാത്ത സാഹചര്യത്തിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർതലത്തിൽ എന്തെങ്കിലും പഠനങ്ങൾ | (ബി) | ഇതിനെ പറ്റി കൂടുതൽ മനസിലാക്കുന്നതിനു വേണ്ടി സംസ്ഥാനം സീറോ സർവയിലൻസ് പഠനം നടത്തിയിട്ടുണ്ട്. അതിന്റെ വിശകലന റിപ്പോർട്ട് |

| | | | |
|---|---|---|---|
| | നാളിതുവരെ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | | ലഭ്യമായിട്ടില്ല. ഇത് വഴി നിലവിലെ രോഗ വ്യാപന നിരക്കും കുട്ടികളിൽ എത്രത്തോളം പേർക്ക് രോഗ പ്രതിരോധ ആന്റിബോഡികൾ ഉണ്ട് എന്നും മനസിലാക്കാൻ സാധിക്കുന്നതാണ്. |
| (സി) | ആർ.ടി.പി.സി.ആർ. ടെസ്റ്റിന് പകരം ആന്റിജൻ ടെസ്റ്റുകൾ വ്യാപകമാക്കിയതാണ് രോഗ വ്യാപനത്തിനുള്ള ഒരു കാരണം എന്ന കേന്ദ്ര സംഘത്തിന്റെ കണ്ടെത്തൽ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (സി) | കേരളം തുടക്കം മുതൽ ആന്റിജൻ, ആർടിപിസിആർ അധിഷ്ഠിത ടെസ്റ്റിംഗ് വഴി ഫോക്കസ്ഡ് ടെസ്റ്റിംഗ് പിന്തുടർന്നു വന്നിരുന്നു. എല്ലാ രോഗലക്ഷണക്കാരെയും ആർഎടി/ ആർടിപിസിആർ ഉപയോഗിച്ച് പരിശോധിക്കുകയും, എന്നാൽ രോഗലക്ഷണമുള്ള ആർഎടി നെഗറ്റീവ് ഉണ്ടെങ്കിൽ, ആർടിപിസിആർ ടെസ്റ്റിംഗ് നടത്തുകയും ചെയ്യുകയാണ് ചെയ്തിരുന്നത് . രോഗലക്ഷണമുള്ള ആളുകളിൽ ആന്റിജൻ ടെസ്റ്റുകൾ മികച്ച പ്രകടനം കാഴ്ചവെക്കുന്നതിനാൽ, രോഗലക്ഷണം ആരംഭിച്ചതിന് ശേഷം ഒരു നിശ്ചിത ദിവസങ്ങൾക്കുള്ളിൽ, രോഗലക്ഷണമുള്ള ആളുകളിൽ ആന്റിജൻ ടെസ്റ്റുകൾ ഇടയ്ക്കിടെ ഉപയോഗിക്കുന്നു. കോവിഡ്-19 ഉള്ള ഒരു വ്യക്തിയുമായി വ്യക്തിക്ക് അറിയപ്പെടുന്ന എക്സ്പോഷർ ഉള്ള രോഗനിർണ്ണയ ടെസ്റ്റിംഗ് സാഹചര്യങ്ങളിലും ആന്റിജൻ ടെസ്റ്റുകൾ വിജ്ഞാനപ്രദമായേക്കാം. കൂടാതെ രോഗലക്ഷണമില്ലാത്ത കേസുകൾ സാർസ്-കോവി-2 ന്റെ വ്യാപനത്തിന് ഗണ്യമായ സംഭാവന നൽകാൻ സാധ്യതയില്ല. മാത്രമല്ല ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കൂടുതലുള്ള സ്ഥലങ്ങളിൽ രണ്ടാം തരംഗത്തിന്റെ സമയത്ത് തന്നെ ആർടിപിസിആർ ടെസ്റ്റിംഗ് നിരക്ക് കൂട്ടുകയും ചെയ്തിരുന്നു. എന്നാൽ ആന്റിജൻ ടെസ്റ്റുകളുടെ എണ്ണം കുറയ്ക്കുകയും ആർടിപിസിആർ ടെസ്റ്റിംഗ് നിരക്ക് കൂട്ടുകയും ചെയ്യണം എന്ന കേന്ദ്ര നിർദേശത്തെ തുടർന്ന് കേരളം ഇപ്പോൾ ആർടിപിസിആർ ടെസ്റ്റിംഗ് ആണ് കൂടുതൽ നടത്തുന്നത്. |
| (ഡി) | കേന്ദ്ര ആരോഗ്യ സംഘത്തിന്റെ മറ്റു നിർദ്ദേശങ്ങൾ എന്തൊക്കെ ആയിരുന്നുവെന്നും ഓരോ നിർദേശത്തിന്മേലും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | (ഡി) | കേന്ദ്ര സംഘത്തിന്റെ നിർദേശങ്ങളും സംസ്ഥാനം സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു: 1. കണ്ടയിൻമെന്റ് സോൺ നിർണയവും, കോണ്ടാക്ട് ട്രേസിങ്ങും ശക്തിപ്പെടുത്തുക. ഇതിൻ പ്രകാരം ആരോഗ്യ വിദഗ്ധരോട് കൂടിയാലോചിച്ച് ടിപിആർ നിർണയത്തിൽ നിന്നും ഡബ്ല്യുഐപിആർ നിർണയത്തിലേക്ക് സംസ്ഥാനം മാറി. 2. സാമൂഹിക വ്യാപനം നിൽക്കുന്ന സാഹചര്യത്തിൽ പ്രായോഗികമായി കോണ്ടാക്ട് ട്രേസിങ്ങും ശക്തിപ്പെടുത്താനായി നിർദേശം ജില്ലകൾക്ക് നൽകി . 3. ആശുപത്രി കിടക്കകളുടെ എണ്ണവും |

| | | | |
|---|---|---|---|
| | | | രോഗികളുടെ എണ്ണവും പരിശോധിക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. അത് സസൂക്ഷ്മം വിലയിരുത്തുകയും ഓക്സിജൻ കിടക്കകളുടെയും ഐസിയു കിടക്കകളുടെയും എണ്ണവും മോണിട്ടർ ചെയ്യുകയും ചെയ്തു വരുന്നു. മാത്രമല്ല ആശുപത്രി കിടക്കകളുടെ ഓകുപൻസി സംബന്ധിച്ച വിവരങ്ങൾ ആരോഗ്യവകുപ്പിന്റെ ബുള്ളറ്റിനിൽ പബ്ലിഷ് ചെയ്തു വരുന്നു. 4. ഡെത്ത് സർട്ടിഫിക്കേഷൻ നടത്തുന്നത് ഐ സി എം ആർ / കേന്ദ്ര ആരോഗ്യ മന്ത്രാലയ മാർഗ്ഗ നിർദ്ദേശ പ്രകാരമാണ്. ആദ്യം മുതൽ തന്നെ ഇതേ രീതിയാണ് തുടർന്നു പോരുന്നത്. 5. വീടുകളിലെ നിരീക്ഷണം ശക്തിപ്പെടുത്താൻ നിർദേശം നൽകി. 6. വാക്സിനേഷൻ കൂടുതൽ ശക്തിപ്പെടുത്താൻ നിർദേശം നൽകി 7. കൂടുതൽ ആളുകളുടെ ഒത്തു ചേരലുകൾ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 8. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ട ബോധവൽകരണങ്ങൾ ഊർജിതപ്പെടുത്താൻ വേണ്ട നിർദേശങ്ങൾ ജില്ലകൾക്ക് നൽകി . |

സെക്ഷൻ ഓഫീസർ